**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 108** **27-06-2022 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഉൾപ്പെടെ പെൺകുട്ടികൾ കൂട്ട ബലാത്സംഗത്തിന് ഇരയാകുന്നതും കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ഉണ്ടാകുന്നതും സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | പെൺകുട്ടികൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളെ സർക്കാർ വളരെ ഗൗരവത്തോടെ കാണുകയും, നടപടി കൈക്കൊള്ളുകയും ചെയ്യുന്നു. |
| (ബി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ആക്രമണങ്ങൾ തടയുന്നതിലും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിലും വീഴ്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള സംഭവങ്ങളോ പരാതികളോ ശ്രദ്ധയിൽപെട്ടാൽ കാലതാമസമില്ലാതെ നിലവിലെ നിയമങ്ങൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു |
| (സി) | വാളയാർ പെൺകുട്ടികളുടെ മരണം ഉൾപ്പെടെ സമീപകാലത്ത് ആവർത്തിക്കപ്പെട്ട സമാന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം കേസുകളിൽ ഉൾപ്പെടുന്നവർക്ക് രാഷ്ട്രീയ സംരക്ഷണം നൽകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ പരാതി നൽകുന്നതിനായി പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ  നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. ഈ പദ്ധതി പ്രകാരം പിങ്ക് പോലീസ് ടീം, പിങ്ക് പട്രോൾ വെഹിക്കിൾ, മോട്ടോർ സൈക്കിൾ എന്നിവയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ വീടുകളിൽ പോയി ഇത്തരത്തിൽ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾക്കെതിരെ ബോധവൽക്കരണവും ആവശ്യമായ നിയമ സഹായവും നൽകിവരുന്നു .ആക്രമണങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികൾക്ക് പോലീസ് സഹായം പെട്ടെന്ന് എത്തിക്കാനായി നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ പോലീസ് ആസ്ഥാനത്തെ കമാന്റ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും അടിയന്തരമായ പോലീസ് സഹായം നൽകുകയും ചെയ്യും.<br><br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗാർഹിക പീഡനങ്ങൾ തടയുന്നതിനും കുടുംബങ്ങളിലെ സമാധാനത്തിനും അനുരഞ്ജന ശ്രമങ്ങൾക്കുമായി എല്ലാ പോലീസ് ജില്ലകളിലും Domestic Conflict Resolution Centres (DCRC) സ്ഥാപിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ